# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4653 25.06.2019-ൽ മറുപടിയ്ക്ക്**

## മത്സ്യകർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യകർഷകരുടെയും മത്സ്യത്തൊഴി- ലാളികളുടെയും ആളോഹരി വരുമാനം ഉയർത്തിക്കൊണ്ടുവന്ന് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന നയം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വകുപ്പ് വഴി നേരിട്ടും ഏജൻസികൾ മുഖേനയും ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കിയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും മത്സ്യഫെഡ് മുഖേന വായ്പ ലഭ്യമാക്കിയും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിച്ചും വകുപ്പ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം ഉയർത്തിക്കൊണ്ടുവരുന്നതിനു ലക്ഷ്യമിടുന്നു. പാർപ്പിട സമുച്ചയങ്ങൾ, സ്വന്തമായി മത്സ്യബന്ധനോപ കരണങ്ങൾ, മത്സ്യകൃഷി, മത്സ്യബന്ധന മേഖലകളിലെ വർക്കിംഗ് ക്യാപിറ്റൽ ചെലവുകൾ നടത്തുന്നതിനായി കിസാൻ ക്രെഡിറ്റ് കാർഡ് സൗകര്യങ്ങൾ, മത്സ്യക്കച്ചവടക്കാർക്കായി ആധുനിക സ്ത്രീ സൗഹൃദ മാർക്കറ്റുകൾ, മത്സ്യത്തൊഴിലാളി കൾക്കും അനുബന്ധത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് സൗകര്യങ്ങൾ, വിദ്യാഭ്യാസാനു കൂല്യങ്ങൾ , ഉന്നത ഉദ്യോഗങ്ങൾ സമ്പാദിക്കുന്ന തിനായി സൗജന്യ പരിശീലനങ്ങൾ, ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പുകൾ, ഡിസ്പെൻസറി സൗകര്യങ്ങൾ എന്നിവ നൽകി വരുന്നു. കൂടാതെ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ തരിശുകിടന്ന പ്രദേശങ്ങൾ എല്ലാംതന്നെ മത്സ്യക്കൃഷിക്ക് ഉപയുക്തമാക്കി. ചെറുകിട മത്സ്യ കർഷകരെ പ്രോത്സാഹിപ്പി ക്കുന്നതുവഴി സ്ത്രീകൾക്കുൾപ്പെടെ തൊഴിലും വരുമാനവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2014-15 വർഷം മത്സ്യത്തൊഴിലാളികളുടെ ആളോഹരി |

വരുമാനം 69,183/- രൂപ ആയിരുന്നത് 2017-18 വർഷം 1,07,419/- രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യകൃഷിയിലൂടെ മത്സ്യഉത്പാദനം ഇരട്ടി ആക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മത്സ്യകർഷകരുടെ വരുമാനവും ഇരട്ടിയായി വർദ്ധിക്കും.

| | |
|---|---|
| ബി) ആധുനിക സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തി മൂല്യവർദ്ധനവ് വഴി മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ടോ; ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | ബി) സാഫ് വഴി തീരമൈത്രി ബ്രാന്റിൽ ഗുണനിലവാരമുള്ള ഉണക്ക മത്സ്യം കേരളത്തിലെമ്പാടുമുള്ള വിപണിയിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 145 തീരമൈത്രി ഡ്രൈഫിഷ് ഗ്രൂപ്പിലെ അംഗങ്ങൾ ഹാർബറുകളിൽ നിന്നും ലാന്റിംഗ് സെന്ററുകളിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന പച്ച മത്സ്യം സാഫിന്റെ മേൽനോട്ടത്തിൽ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രൈയറിൽ (solar and electric driers) ഉണക്കി ആകർഷകമായി പാക്കറ്റുകളിലാക്കി കേരളത്തിൽ വിൽപ്പന നടത്തി വരുന്നു. തങ്ങളുടെ മത്സ്യം/മത്സ്യോൽപ്പന്നത്തിന് മികച്ച വില ഉറപ്പ വരുത്തുന്നതിന് മത്സ്യത്തൊഴിലാളി വനിതകൾക്ക് സാധിക്കുന്നതിനോടൊപ്പം ഗുണ നിലവാരമുള്ളതും മൂല്യവർദ്ധിതവുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനും ഇത് വഴി സാധിക്കും.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സർട്ടിഫിക്കറ്റോടെ മത്സ്യഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നു. അഷ്ടമുടി എന്ന പേരിൽ തെള്ളി ചെമ്മീനും, നീണ്ടകര എന്ന പേരിൽ കരിക്കാടി ചെമ്മീനും, മലബാർ എന്ന പേരിൽ നെത്തോലിയും, കൂടാതെ വിവിധതരത്തിലുള്ള മീൻ അച്ചാറുകളും, ചമ്മന്തിപ്പൊടിയും വിപണിയിൽ ലഭ്യമാണ്. കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഡ്രിഷ് കേരള എന്ന പേരിൽ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും ഫിഷ് മെയ്ഡ് എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യവിഭവങ്ങളും ഉൽപ്പാദിപ്പിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേക പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയാണ് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നത്. |

"തീരത്തിൽ നിന്നും മാർക്കറ്റിലേക്ക്" എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഗുണമേൻമ ഒട്ടും നഷ്ടപ്പെടാതെ 'അന്തിപ്പച്ച മൊബൈൽ ഫിഷ് മാർട്ട്' വഴി മത്സ്യഫെഡ് വിപണനം ചെയ്തുവരുന്നു. മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ അച്ചാർ, ചെമ്മീൻ അച്ചാർ, കട്‌ലറ്റ് എന്നിവ മത്സ്യഫെഡിന്റെ 35 ഫിഷ് മാർട്ട് വഴി വിപണനം ചെയ്യുന്നു.

| | |
|---|---|
| സി) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന് വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ ? | സി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യവിൽപ്പന ഉറപ്പുവരുത്തുന്നതിനും നിയമ നിർമ്മാണം പരിഗണനയിലാണ്. |

**സെക്ഷൻ ആഫീസർ**